(ഡി) കമ്മിഷന്റെ പ്രവർത്തനം ആരംഭിക്കാനിരിക്കുന്നതേയുള്ളൂ.

മാരൂർ മാർത്തോമ പള്ളിയിലെ പള്ളിമണിമോഷണം

(42)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ താലൂക്കിൽ ഏനാദിമംഗലം പഞ്ചായത്തിൽ മാരൂർ മാർത്തോമ പള്ളിയിലെ പള്ളിമണ്ണി മോഷണംപോയത് സംബന്ധിച്ച് അടൂർ പോലീസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിയ കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത കേസ്സിലെ ഏതെങ്കിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) അടൂർ പോലീസ് സ്റ്റേഷനിൽ 647/96 നമ്പരായി കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷിച്ചിരുന്നു. തുടർന്ന് 16.3.97-ൽ കേസ്സ് തെളിയേണ്ട പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്.

(ബി) ഇല്ല.

ദേവാലയ മോഷണങ്ങൾ

(43) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര ദേവാലയങ്ങളിൽ മോഷണം നടത്തിയിട്ടുണ്ട്;

(ബി) ക്രിസ്ത്യൻ പള്ളി, മുസ്ലീം പള്ളി, ക്ഷേത്രങ്ങൾ, മറ്റു മതവിഭാഗങ്ങളിൽപ്പെടുന്നവരുടെ ആരാധനാലയങ്ങൾ എന്നിവയിൽ ഈ കാലഘട്ടത്തിൽ എത്ര മോഷണംവീതം നടന്നു;

(സി) ഈ കാലഘട്ടത്തിൽ നടന്ന ദേവാലയ മോഷണങ്ങളിൽ എത്ര കേസ്സുകളിൽ മോഷ്ടാക്കളെ അറസ്റ്റുചെയ്തു; എത്ര കേസ്സുകളിൽ മോഷണ വസ്തുക്കൾ തിരിച്ചുകിട്ടി എന്നറിയിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

പോലീസുകാർ ഉൾപ്പെട്ട കേസ്സുകൾ

(44) ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ കുറ്റവാളികളായിട്ടുള്ള എത്ര സംഭവങ്ങളുണ്ടായിട്ടുണ്ട്;

(ബി) ഇവയിൽ മോഷണം, കബളിപ്പിക്കൽ, ബലാൽസംഗം, പിടിച്ചുപറി, ദേഹോപദ്രവം എന്നിവയുൾക്കൊള്ളുന്ന എത്ര കേസ്സുകളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly